# കേരള സർക്കാർ

നം. 45979/എഫ്എം3/2009/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്,
തിരുവനന്തപുരം, തീയതി: 16.12.2009.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ലഭിക്കേണ്ട വിനോദ നികുതി വെട്ടിപ്പ് പൂർണ്ണമായി ഒഴിവാക്കുന്നത് സംബന്ധിച്ച്.

നഗരസഭകൾക്കും പഞ്ചായത്തുകൾക്കും വിനോദ നികുതി ഇനത്തിൽ ലഭിക്കേണ്ട തുകയിൽ വൻ വെട്ടിപ്പ് നടക്കുന്നതായും ആയത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതായും നിരവധി പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി വെട്ടിപ്പ് തടയുന്നതിനായി താഴെപറയുന്ന പരിഹാര മാർഗ്ഗങ്ങൾ കർശനമായി നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശിക്കുന്നു.

1) തീയേറ്ററുകളിൽ ദിവസേനയുള്ള പരിശോധനക്ക് പുറമെ ഇടയ്ക്കിടയ്ക്കും വിശേഷ ദിവസങ്ങളിലും സൂപ്പർ ചെക്കും മിന്നൽ പരിശോധനയും നടത്താൻ പ്രത്യേക സ്റ്റാഫിനെ നിയോഗിക്കേണ്ടതാണ്. ഇപ്രകാരമുള്ള പരിശോധനക്ക് നഗരസഭ / ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നേതൃത്വം നൽകേണ്ടതാണ്. ദ്വൈവാര പരിശോധനാ റിപ്പോർട്ടുകൾ സെക്രട്ടറി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് / ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.
2) നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, മേൽപ്പറഞ്ഞ പ്രകാരമുള്ള മിന്നൽ പരിശോധന നടത്തേണ്ടതും റിപ്പോർട്ടുകൾ വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. മിന്നൽ പരിശോധനകൾക്ക് ജില്ലാ / മേഖലാ അടിസ്ഥാനത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതും, മിന്നൽ പരിശോധന വേളകളിൽ പോലീസ് / വിജിലൻസ് ഓഫീസർമാരുടെ സഹായം തേടാവുന്നതുമാണ്.
3) വ്യാജ റിട്ടേൺ സമർപ്പിക്കൽ, വ്യാജ സീൽ ഉപയോഗിക്കൽ എന്നിവ നടക്കുന്നുണ്ടോ എന്ന് ചെക്കിംഗ് സ്റ്റാഫും സെക്രട്ടറിയും നിരന്തരം നിരീക്ഷിക്കേണ്ടതും, അവ ശ്രദ്ധയിൽ പെട്ടാൽ തീയേറ്ററിന്റെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) സൂപ്പർ ചെക്ക് നടത്തുന്നതിനോടൊപ്പം, സിനിമ പ്രേക്ഷകരുടെ എണ്ണം വിലയിരുത്താൻ ടിക്കറ്റ് കൗണ്ടറിൽ ക്യൂ നിൽക്കുന്നവരുടെ വീഡിയോ ചിത്രീകരണം നടത്താൻ ഏർപ്പാട് ചെയ്യേണ്ടതാണ്.

5) ഡെയ്‌ലി കളക്ഷൻ റിട്ടേണിൽ ബന്ധപ്പെട്ട ചെക്കിംഗ് സ്റ്റാഫ് നിർബന്ധമായും ഒപ്പു വച്ചിരിക്കേണ്ടതും റിട്ടേൺ നിശ്ചിത സമയപരിധിക്കകം സമർപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട വകുപ്പു മേധാവികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

രാജേഷ് കുമാർ സിംഗ്,
ഗവൺമെന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും / നഗരസഭാ സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ വഴി).
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി).
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ